ഉത്തരം

(എ) ഉണ്ട്.

(ബി) നടപ്പ് സാമ്പത്തിക വർഷം 1·05 ലക്ഷം രൂപ.

(സി) 1·05 ലക്ഷം രൂപയുടെ പദ്ധതിക്കാണ് കേന്ദ്ര അനുമതി ലഭിച്ചത്. പദ്ധതിയുടെ നടത്തിപ്പ് പുരോഗമിച്ചു വരുന്നു.

(ഡി) തൃശ്ശൂർ ജില്ലയിൽ മാത്രമാണ് പ്രസ്തുത പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത്. കൂടുതൽ തുക ലഭ്യമാകുമ്പോൾ മറ്റു ജില്ലകളിലേക്കുകൂടി ഈ പദ്ധതിയുടെ പ്രവർത്തനം വ്യാപിപ്പിക്കാവുന്നതാണ്.

മേൽത്തരം വിത്തുകളുടെ ഉൽപ്പാദനവും വിതരണവും

19 [1946] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മേൽത്തരം വിത്തുകളുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

മേൽത്തരം വിത്തുകളുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി:—

1. കേരള ഹോർട്ടിക്കൾച്ചർ ഡെവലപ്പ്മെൻറ് പദ്ധതിയുടെ കീഴിൽ ആലത്തൂരിൽ ഒരു സീഡ് പ്രോസസിംഗ് പ്ലാൻറ് സ്ഥാപിക്കുന്നുണ്ട്.

2. 'നാഷണൽ വാട്ടർഷെഡ് ഡെവലപ്പ്മെൻറ് പ്രോഗ്രാം ഫോർ റെയിൻഫെഡ് ഏരിയ' എന്ന പദ്ധതിയനുസരിച്ച് ഓരോ വാട്ടർഷെഡ് ഏരിയായിലും കോമ്പസിറ്റ് നഴ്സറികളെയും ഫാമേഴ്സ് നഴ്സറികളെയും പ്രോൽസാഹിപ്പിക്കും.

3. രജിസ്ട്രേഡ് വിത്തുൽപ്പാദക പദ്ധതി കൂടുതൽ വ്യാപകമാക്കി ഓരോ പാടശേഖരത്തിനും വേണ്ട വിത്ത് അതത് പാടശേഖരത്തിൽ തന്നെ ഉൽപ്പാദിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

4. നഴ്സറികൾ രജിസ്റ്റർ ചെയ്യുന്നതിന് ഒരു നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

പേട്ട റീജിയണൽ പൗൾട്രിഫാം

20 [1947] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പേട്ടയിലുള്ള റീജിയണൽ പൗൾട്രി ഫാമിന്റെ കീഴിൽ ഇപ്പോൾ എത്ര യൂണിറ്റുകൾ നിലവിലുണ്ട്;

(ബി) ഇതിൽ പ്രവർത്തനക്ഷമമായതെത്ര;

LIBRARY ARCHIVES Kerala Legislative Assembly

(സി) പൂട്ടിക്കിടക്കുന്ന യൂണിറ്റുകൾ തുറന്നു പ്രവർത്തിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പേട്ടയിൽ പ്രവർത്തിക്കുന്ന ബ്ലോയിലർ ഫാമിന്റെ കീഴിൽ പേരൂർക്കട, തിരുവല്ലം, പയറ്റുവിള എന്നിവിടങ്ങളിലായി മൂന്ന് യൂണിറ്റുകളുണ്ട്.

(ബി) ഒന്നും പ്രവർത്തനക്ഷമമല്ല.

(സി) പേട്ട ഐ.പി.ഡി. ബ്ലോക്കിന്റെ ഇന്നത്തെ പ്രവർത്തന പരിധിയും ശേഷിയും വച്ചുനോക്കുമ്പോൾ അതിന്റെ കീഴിൽ സബ് യൂണിറ്റുകൾ പ്രവർത്തിക്കേണ്ട ആവശ്യം ഇപ്പോൾ കാണുന്നില്ല.

കാർഷിക സർവ്വകലാശാല വളപ്പിൽ പശുക്കൾ വെന്തുമരിക്കാനിടയായ സാഹചര്യം

21 [1948] ശ്രീ. ലോനപ്പൻ നമ്പാടൻ:
,, പി. ടി. കുഞ്ഞിമുഹമ്മദ്:
,, ഇ. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ കാർഷിക സർവ്വകലാശാലാ വളപ്പിൽ പശുക്കൾ വെന്തുമരിക്കാനിടയായ സാഹചര്യം എന്താണെന്ന് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പശുക്കൾ വെന്തുമരിച്ചതിനെ സംബന്ധിച്ച് ആരാണ് അന്വേഷണം നടത്തിയത്; അന്വേഷണത്തിലെ നിഗമനങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ആരൊക്കെയാണ് കുറ്റക്കാരെന്ന് കണ്ടെത്തിയിട്ടുള്ളത്; കുറ്റക്കാർക്കെതിരെ എന്ത് നടപടി കൈക്കൊണ്ടിട്ടുണ്ട്;

(ഡി) തീപിടുത്തമുണ്ടാകുന്നതിനുമുമ്പ് വെച്ചൂർ ഇനം പശുക്കൾക്ക് വിഷം കൊടുത്തുവെന്ന പരാതി ഉണ്ടായിട്ടുള്ളതായി ഗവൺമെന്റിന് അറിവുണ്ടോ; ഇതുമൂലം ഉണ്ടായ നഷ്ടം എത്രയാണ്; ഇതിന് കുറ്റക്കാരായവർ ആരെന്ന് കണ്ടുപിടിച്ചോ; ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) തൃശ്ശൂർ കാർഷിക സർവ്വകലാശാലാ വളപ്പിൽ 1996 ജനുവരി 17-ാം തീയതി 30 പശുക്കൾക്ക് ജീവഹാനി സംഭവിക്കുകയും 11 പശുക്കൾക്ക് പരിക്ക് പറ്റുകയും ചെയ്യാനിടയായ തീപിടുത്തത്തെ സംബന്ധിച്ച് സർവ്വകലാശാലയുടെ ഒരു ഉന്നതതല സംഘം അടിയന്തിരമായി അന്വേഷണം നടത്തിയെങ്കിലും തീപിടുത്തത്തിന്റെ കാരണം സംബന്ധിച്ച് വ്യക്തമായ നിഗമനങ്ങളിലെത്താൻ കഴിഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly